## 726

ജീവിതക്കുരിശിൻ ഭാരം ഏറിവന്നീടിൽ
പാവനകരങ്ങൾ നീട്ടി താൻ നടത്തിടും

യേശുനാഥനെന്റെ കണ്ണുനീർ തുടച്ചിടും
തൻകരങ്ങൾ നീട്ടിയെന്നെത്താൻ തഴുകിടും

1 പാപികളെ പാവനരായുയർത്തിടുവാനായ്
പാഴ്മരുവാം പാരിടത്തിൽ തേടിവന്നവനാം-

2 ശത്രുവിന്നായ് ജീവരക്തം സർവ്വമേകിയവൻ
മർത്ത്യരിലും ഉത്തമനാം കാത്തിടും നിത്യം-

3 വൈരികളെൻ ചുറ്റിനുമങ്ങാഞ്ഞടുത്താലും
പാരിടമെനിക്കെതിരായാഞ്ഞുലഞ്ഞാലും-

4 മർത്ത്യരെല്ലാം മാറിയാലും കൂടെ നിന്നിടും
കത്തിടും മത്മാനസത്തെ മുത്തിടും നാഥൻ-

5 ഭൂവിതിലെ ക്ലേശമേറെ നീളുകില്ലിനി
ദൂതരുമൊത്തെത്തിടും താൻ ചേർത്തിടും ചാരേ- **G.K.**